**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4260** **28-06-2024 - ൽ മറുപടിയ്ക്ക്**

**ലഹരിയുടെ ഭവിഷ്യത്തുകളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വസ്തുക്കളുടെ ഭവിഷത്തുകളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | ലഹരി വസ്തുക്കളുടെ ഭവിഷ്യത്തുകളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി സ്കൂൾ തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. വിദ്യാർത്ഥികളുടെ കായികപരമായും കലാപരമായും ഉള്ള കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി തെരഞ്ഞെടുത്ത സ്കൂളുകളിൽ “ഉണർവ്വ്" എന്ന പേരിൽ ഒരു പദ്ധതിയും, ലഹരി ഉപയോഗം സംശയിക്കുന്ന കുട്ടികളുടെ വിവരം അധ്യാപകരുടെ സഹായത്തോടെ ആരംഭത്തിലേ കണ്ടെത്തി കൗൺസിലിംഗ് നൽകുന്നതിന് ‘നേർവഴി' എന്ന പേരിൽ ഒരു പദ്ധതിയും, കുട്ടികൾക്ക് ചെറിയ പ്രായം മുതൽ നല്ല ശീലങ്ങളും ജീവിത നൈപുണ്യങ്ങളും വളർത്തിയെടുക്കുന്നതിന് സംസ്ഥാനത്തെ 140 പ്രൈമറി സ്കൂളുകളിൽ “ബാല്യം അമൂല്യം” എന്ന പേരിൽ ഒരു പദ്ധതിയും നടപ്പിലാക്കി വരുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയവുമായി, സ്കൂളുകളിൽ വിവിധ കായിക ഇനങ്ങളിൽ “ടീം വിമുക്തി“ എന്ന പേരിൽ ടീമുകൾ രൂപീകരിച്ച് പരിശീലനം നൽകി വരുന്നു. വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി “കവചം”, “തെളിവാനം വരക്കുന്നവർ” എന്ന പേരിൽ കൈപുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി കോളേജ് ക്യാമ്പസ്സുകളിൽ “നേർക്കൂട്ടം”, കോളേജ് ഹോസ്റ്റലുകളിൽ “ശ്രദ്ധ” എന്നീ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കുട്ടികളിലെ ലഹരി ഉപഭോഗം കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു “Standard Operating Procedure” (SOP) തയ്യാറാക്കിയിട്ടുണ്ട്. അത് ഈ അധ്യയന വർഷം മുതൽ സ്കൂളുകളിൽ നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ലഹരി വസ്തുക്കളുടെ ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ അത് സംബന്ധിച്ച് പരാതി നൽകുന്ന വ്യക്തികളുടെ വിവരങ്ങൾ രഹസ്യമാക്കി വച്ചുകൊണ്ട് അന്വേഷണം നടത്തുന്ന സംവിധാനം നിലവിലുണ്ടോ; എങ്കിൽ നടപടിക്രമം വിശദമാക്കാമോ? | (ബി) | ഉണ്ട്. ലഹരി വസ്തുക്കളുടെ ഉപയോഗം ശ്രദ്ധയിൽപ്പെട്ടാൽ അത് സംബന്ധിച്ച പരാതി നൽകുന്ന വ്യക്തികളുടെ വിവരങ്ങൾ രഹസ്യമായി വച്ചു കൊണ്ട് തന്നെ ലഭിച്ച പരാതിയിന്മേൽ വസ്തുനിഷ്ഠമായി അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു. 9447178000 എന്ന മൊബൈൽ നമ്പർ വഴിയും എക്സൈസ് ആസ്ഥാനത്തും ജില്ലാതലങ്ങളിലും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകളിലെ നമ്പരുകളിലേയ്ക്കും പൊതുജനങ്ങൾക്ക് ലഹരി വസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച പരാതികൾ അറിയിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്. ലഭ്യമാകുന്ന പരാതികളിൽ അന്വേഷണം നടത്തി കഴമ്പ് ഉണ്ടെന്ന് കാണുന്ന പക്ഷം നിയമാനുസരണം നടപടി സ്വീകരിക്കുന്നു. പരാതിക്കാർക്ക് വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താതെ തന്നെ പരാതികൾ അറിയിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ